# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 5042 — 01.07.2013-ലെ മറുപടിക്ക്

### കോടതികളിലേക്ക് കൊണ്ടുപോകുന്ന പ്രതികളുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിവിധ കേസുകളിൽ പ്രതികളായി ജയിലിൽ കഴിയുന്നവരെ കോടതികളിൽ ഹാജരാക്കുവാൻ എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്.; | എ) പ്രതികളെ കോടതിയിൽ ഹാജരാക്കുന്നതിനായി പോലീസ് എസ്കോർട്ട് ലഭ്യമാക്കുന്നതിന് ഹാജരാക്കൽ ദിവസത്തിന്റെ ഒരു ദിവസം മുമ്പേ കോടതികളുടെ പേരും പ്രതികളുടെ എണ്ണവും അതിൽ കനത്ത ബന്തവസ്സ് വേണ്ട പ്രതികളുടെ വിവരവും ജില്ലാ സായുധ സേനാ മേധാവിക്ക് നൽകുകയും പ്രതികളെ കോടതികളിൽ ഹാജരാക്കുന്ന ദിവസം പോലീസ് എസ്കോർട്ട് ലഭ്യമാക്കുകയും ചെയ്യുന്നു. |
| ബി) ഇതിനായി നിയോഗിക്കുന്ന പോലീസുദ്യോഗസ്ഥർ നടപടിക്രമങ്ങൾ പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) എങ്കിൽ എന്തു നടപടികൾ ഇത്തരക്കാർക്കെതിരെ സ്വീകരിച്ചു; അവർ ആരെല്ലാം; | സി) കൃത്യ നിർവഹണത്തിൽ വീഴ്ച വരുത്തിയ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ ജയിൽ സൂപ്രണ്ട് തിരുവനന്തപുരം എ.ആർ. കമാണ്ടന്റിന് കത്ത് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കൃത്യ നിർവഹണത്തിൽ അലംഭാവം കാണിച്ച സിറ്റി എ.ആർ ക്യാമ്പിലെ പി.സി.നം. 5633 വിക്ടർ, പി.സി.നം.4577 ജിജിമോൻ എന്നിവർക്ക് ശിക്ഷാ നടപടിയുടെ ഭാഗമായി എക്സ്ട്രാ ഗാർഡും താക്കീതും നൽകിയിട്ടുണ്ട്. |

| | |
|---|---|
| ഡി) ഈ സർക്കാർ വന്നശേഷം പോലീസ് പ്രതികളെ കോടതിയിലെത്തിക്കുമ്പോൾ എത്ര ആക്രമണങ്ങളുണ്ടായി; എവിടെയെല്ലാം; എത്ര പ്രതികൾ രക്ഷപ്പെട്ടു; അവർ ആരെല്ലാം; വ്യക്തമാക്കുമോ; | ഡി) ആക്രമണങ്ങളുണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടില്ല. 13 പേർ രക്ഷപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. |
| ഇ) ആക്രമണങ്ങൾക്കു പിന്നിൽ പ്രവർത്തിച്ചവർ ആരെല്ലാം; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; | (ഇ) ആക്രമണമുണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| എഫ്) രക്ഷപ്പെട്ട പ്രതികളിൽ എത്ര പേരെ അറസ്റ്റു ചെയ്തു; അവർ ആരെല്ലാം; എത്ര പേരെ അറസ്റ്റു ചെയ്യുവാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (എഫ്) 7 പേരെ അറസ്റ്റു ചെയ്തു. 6 പേരെകൂടി അറസ്റ്റു ചെയ്യാനുണ്ട്. അറസ്റ്റു ചെയ്തവരെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II-ലും അറസ്റ്റു ചെയ്യാനുള്ളവരെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III-ലും ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

| ക്രമ നം | പേര് | ജയിലിന്റെ പേര് | തടവുചാടിയ തീയതി |
|---|---|---|---|
| 1 | സി.നമ്പർ 5847 ഷാജഹാൻ @ മുഹമ്മദ് | തിരുവനന്തപുരം സെൻട്രൽ ജയിൽ | 12-07-2011 |
| 2 | യു.റ്റി.നമ്പർ 7873 രാജേഷ് s/o കാർത്തികേയൻ | കൊട്ടാരക്കര സബ് ജയിൽ | 26-07-2011 |
| 3 | യു.റ്റി.നമ്പർ 234 ലോകേഷ് @ പ്രശാന്ത് @ബാവ s/o ഹരി | തിരുവനന്തപുരം ജില്ലാ ജയിൽ | 28-07-2011 |
| 4 | ആർ.പി നമ്പർ 918 രാജു s/o മുരുകമണി | കോഴിക്കോട് സ്പെഷ്യൽ സബ് ജയിൽ | 24-10-2011 |
| 5 | യു.റ്റി നമ്പർ 166 അഖിൽ @ കണ്ണൻ s/o രാമചന്ദ്രൻപിള്ള | തിരുവനന്തപുരം സെൻട്രൽ ജയിൽ | 21-11-2011 |
| 6 | ആർ.പി നമ്പർ 1369 മുന്ന s/o ജാഫർഅലി | എറണാകുളം ജില്ലാ ജയിൽ | 01-01-2013 |
| 7 | ആർ.പി നമ്പർ 4728 പി.ടി പ്രജീഷ് ബാബു s/o വേലായുധൻ | കണ്ണൂർ സെൻട്രൽ ജയിൽ | 06-03-2013 |
| 8 | ആർ.പി നമ്പർ 7753 ഷിജു s/o അഗസ്റ്റിൻ | വിയ്യൂർ സ്പെഷ്യൽ സബ് ജയിൽ | 14-03-2013 |
| 9 | യു.റ്റി നമ്പർ 4863 സെബാസ്റ്റ്യൻ s/o ജേക്കബ് | ആലപ്പുഴ സ്പെഷ്യൽ സബ് ജയിൽ | 01-04-2013 |
| 10 | യു.റ്റി നമ്പർ 2178 ബിനു s/o ശശി | തിരുവനന്തപുരം സെൻട്രൽ ജയിൽ | 20-05-2013 |
| 11 | സി.നമ്പർ 2384 അബ്ദുൾ ലത്തീഫ് @ ചരൾ ലത്തീഫ് | കണ്ണൂർ സെൻട്രൽ ജയിൽ | 27-05-2013 |
| 12 | ആർ.പി നമ്പർ 3440 ഹാരിസ് s/o അബൂബക്കർ | തിരൂർ സബ് ജയിൽ | 05-06-2013 |
| 13 | യു.റ്റി നമ്പർ 2367 ഷിബു @ പീലി ഷിബു s/o ശിവാനന്ദൻ | തിരുവനന്തപുരം സെൻട്രൽ ജയിൽ | 11-06-2013 |

സെക്ഷൻ ഓഫീസർ

# അനുബന്ധം II

| ക്രമ നം | പേര് | ജയിലിന്റെ പേര് | അറസ്റ്റ് ചെയ്തതീയതി |
|---|---|---|---|
| 1 | യു.റ്റി നമ്പർ 7873 രാജേഷ് s/o കാർത്തികേയൻ | കൊട്ടാരക്കര സബ്ജയിൽ | 11-08-2011 |
| 2 | ആർ.പി നമ്പർ 4728 പി.ടി പ്രജീഷ് ബാബു s/o വേലായുധൻ | കൊട്ടാരക്കര സബ് ജയിൽ | 06-03-2013 |
| 3 | ആർ.പി നമ്പർ 7753 ഷിജു s/o അഗസ്റ്റിൻ | വിയ്യൂർ സ്പെഷ്യൽ സബ് ജയിൽ | 20-03-2013 |
| 4 | യു.റ്റി നമ്പർ 4863 സെബാസ്റ്റ്യൻ s/o ജേക്കബ് | ആലപ്പുഴ സ്പെഷ്യൽ സബ് ജയിൽ | 02-04-2013 |
| 5 | സി.നമ്പർ 2384 അബ്ദുൾ ലത്തീഫ് @ ചരൾ ലത്തീഫ് | കണ്ണൂർ സെൻട്രൽ ജയിൽ | 28-05-2013 |
| 6 | ആർ.പി നമ്പർ 3440 ഹാരിസ് s/o അബൂബക്കർ | തിരൂർ സബ് ജയിൽ | 05-06-2013 |
| 7 | യു.റ്റി നമ്പർ 2367 ഷിബു @ പീലി ഷിബു s/o ശിവാനന്ദൻ | തിരുവനന്തപുരം സെൻട്രൽ ജയിൽ | 11-06-2013 |

സെക്ഷൻ ഓഫീസർ

# അനുബന്ധം III

| ക്രമ നം | പേര് | ജയിലിന്റെ പേര് | തടവുചാടിയ തീയതി |
|---|---|---|---|
| 1 | സി.നമ്പർ 5847 ഷാജഹാൻ @ മുഹമ്മദ് | തിരുവനന്തപുരം സെൻട്രൽ ജയിൽ | 12-07-2011 |
| 2 | യു.റ്റി.നമ്പർ 234 ലോകേഷ് @ പ്രശാന്ത് @ബാവ s/o ഹരി | തിരുവനന്തപുരം ജില്ലാ ജയിൽ | 28-07-2011 |
| 3 | ആർ.പി നമ്പർ 918 രാജു s/o മുരുകമണി | കോഴിക്കോട് സ്പെഷ്യൽ സബ് ജയിൽ | 24-10-2011 |
| 4 | യു.റ്റി നമ്പർ 166 അഖിൽ @ കണ്ണൻ s/o രാമചന്ദ്രൻപിള്ള | തിരുവനന്തപുരം സെൻട്രൽ ജയിൽ | 21-11-2011 |
| 5 | ആർ.പി നമ്പർ 1369 മുന്ന s/o ജാഫർഅലി | എറണാകുളം ജില്ലാ ജയിൽ | 01-01-2013 |
| 6 | യു.റ്റി നമ്പർ 2178 ബിനു s/o ശശി | തിരുവനന്തപുരം സെൻട്രൽ ജയിൽ | 20-05-2013 |

സെക്ഷൻ ഓഫീസർ